**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4818** — **21/10/2011 ൽ മറുപടിയ്ക്ക്**

## തീരദേശജനവിഭാഗങ്ങൾക്കായി ശ്മശാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി.അയിഷാ പോറ്റി : | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) തീരദേശവാസികൾ ശവസംസ്ക്കാരത്തിന് ഭൂമി ലഭ്യമാകാതെ കഷ്ടതകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തീരപ്രദേശ ജനവിഭാഗങ്ങൾക്കായി ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും ? | (ബി) പൊതുശ്മശാനം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ബോധ്യപ്പെടുത്തുവാനും പൊതു ശ്മശാനം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും എല്ലാ ജില്ലാകളക്ടർമാരോടും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരോടും നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാകളക്ടർമാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നുണ്ട്. തീരദേശജന വിഭാഗങ്ങൾക്കു മാത്രമായി പൊതുശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല. അതാതു പഞ്ചായത്തുകളുടെ/മുനിസിപ്പാലിറ്റികളുടെ പൊതു ശ്മശാനം തീരദേശ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ